പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ.361 — 19.10.2016-ൽ മറുപടിക്ക്.

# സ്വകാര്യ ആശുപത്രികളിലെ നേഴ്സുമാരുടെ വേതനം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.സി. ദിവാകരൻ<br>ശ്രീമതി.ഗീതാ ഗോപി<br>ശ്രീ.ഇ.ടി. ടൈസൺ മാസ്റ്റർ<br>,, കെ. രാജൻ | ശ്രീ. ടി. പി. രാമകൃഷ്ണൻ<br>തൊഴിലും എക്സൈസും വകുപ്പ് മന്ത്രി |
| (എ) സ്വകാര്യ ആശുപത്രികളിലെ നേഴ്സുമാരുടെ വേതനം വർദ്ധിപ്പിക്കുന്നതിന് സർക്കാർ ആലോചിക്കുന്നുണ്ടോ; വ്യക്തമാക്കുമോ; | എ) സ്വകാര്യ ആശുപത്രികളിലെ ജീവനക്കാർക്ക് കൂലി വർദ്ധിപ്പിക്കുന്നതിനായി സർക്കാർ തീരുമാനമെടുക്കുകയും ആയതിനായി 11/02/2016-ലെ സ.ഉ(ആർ.റ്റി)നമ്പർ 223/2016/തൊഴിൽ പ്രകാരം 13 വീതം തൊഴിലാളി തൊഴിലുടമാ പ്രതിനിധികളെ ഉൾപ്പെടുത്തിക്കൊണ്ട് ലേബർ കമ്മീഷണർ അദ്ധ്യക്ഷനായി മിനിമം വേതന കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട് ടി സമിതി പലതവണ യോഗം ചേർന്ന് ചോദ്യാവലിയും തെളിവെടുപ്പ് ഷെഡ്യൂളും അംഗീകരിയ്ക്കുകയും ഒൻപത് ജില്ലകളിലെ തെളിവെടുപ്പ് പൂർത്തീകരിയ്ക്കുകയും ചെയ്തിട്ടുണ്ട് |
| (ബി) സ്ഥിരം നഴ്സുമാർക്ക് ശമ്പളവും മറ്റാനുകൂല്യങ്ങളും നല്കുന്നത് ഒഴിവാക്കാനായി സ്വകാര്യ ആശുപത്രികൾ ട്രെയിനി നഴ്സുമാരെ കൂടുതൽ നിയോഗിക്കുന്നതായുള്ള ആക്ഷേപം പരിശോധിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര ശതമാനം പേരെയാണ് ട്രെയിനി നഴ്സുമാരായി നിയോഗിക്കാൻ കഴിയുന്നതെന്ന് അറിയിക്കുമോ; | (ബി) പരിശോധിച്ചിട്ടുണ്ട് സർക്കാർ ഉത്തരവ് (സാധാ)893/13/തൊഴിൽ തീയതി 23/05/2013 പ്രകാരം പ്രാക്ടിക്കൽ ട്രെയിനിംഗ് കാലയളവ് പരമാവധി 1 വർഷം എന്ന് നിജപ്പെടുത്തുകയും പ്രാക്ടിക്കൽ ട്രെയിനിംഗ് നടത്തുന്ന, സ്വകാര്യ ആശുപത്രിയിലെ നഴ്സിംഗ് ജീവനക്കാരുടെ ആകെ എണ്ണത്തിന്റെ 25 ശതമാനത്തിലധികം ട്രെയിനികൾ പാടില്ലാത്തതാകുന്നു എന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട് |

(സി) നേഴ്സുമാരുടെ ശമ്പളം വർദ്ധിപ്പിക്കുന്നത് സംബന്ധിച്ച പരിശോധനക്കായി സമിതിയെ നിയോഗിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ സമിതി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ റിപ്പോർട്ടിന്റെ വിശദാംശങ്ങൾ അറിയിക്കുമോ?

(സി) സ്വകാര്യ ആശുപത്രി മേഖലയിൽ കൂലി പുതുക്കി നിശ്ചയിക്കുന്നതിനായി ഒരു കമ്മിറ്റിയെ നിശ്ചയിച്ചിട്ടുണ്ട് എന്നാൽ 10/08/2016-ന് കമ്മിറ്റിയുടെ കാലാവധി അവസാനിച്ചതിനാൽ 5 ജില്ലകളിലെ തെളിവെടുപ്പ് പൂർത്തിയാക്കാൻ സാധിച്ചിട്ടില്ല സമിതിയുടെ കാലാവധി ആറുമാസത്തേക്കു കൂടി ദീർഘിപ്പിച്ചു നൽകുന്നതിനുള്ള പ്രപ്പോസൽ സർക്കാരിന്റെ പരിശോധനയിലാണ് സമിതിയുടെ കാലാവധി ദീർഘിപ്പിച്ച് നൽകുന്നതിനനുസരിച്ച് അവശേഷിക്കുന്ന ജില്ലകളിലെ തെളിവെടുപ്പ് കൂടി പൂർത്തിയാക്കിയാൽ മാത്രമേ റിപ്പോർട്ടിന് അന്തിമരൂപമാവുകയുള്ളൂ

സെക്ഷൻ ഓഫീസർ